# “വേട്ടക്കാരെ” ഇരകളാക്കുമ്പോൾ

ഡോ. എം. കുര്യൻ തോമസ്
drmkurianthomas@gmail.com

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് നീതിയും സാമൂഹിക സുരക്ഷയും ഉറപ്പാക്കേണ്ടത് സർക്കാരിന്റെ ബാദ്ധ്യതയാണ് എന്നതിൽ രണ്ടുപക്ഷമില്ല. അതിനായി കടുത്ത നിയമനിർമ്മാണങ്ങൾ നടത്തുന്നതിനും ആരും എതിരല്ല. പക്ഷേ ഇത്തരം നിയമങ്ങൾ നിരന്തരമായി ദുരുപയോഗംചെയ്യപ്പെടുകയും, അവ വ്യക്തിപരമയ കണക്കുതീർക്കലുകൾക്കുള്ള ആയുധമായി മാറുകയും ചെയ്യുമ്പോൾ സാധാരണ ജനങ്ങൾ അത്തരം നിയമങ്ങൾക്കെതിരെ പ്രതിഷേധവും നിഷേധാത്മക നിലപാടും സ്വീകരിക്കുന്നത് സ്വാഭാവികം. ഇന്ന് ഇന്ത്യയിൽ, വിശിഷ്യാ കേരളത്തിൽ, സംഭവിച്ചുകൊണ്ടിരിക്കുന്നത് അതാണ്. അതിനു കാരണമാകട്ടെ അത്തരം നിയമങ്ങളല്ല, അവ നടപ്പാക്കുന്ന രീതിയാണ് എന്നതാണ് ഇവിടെ പരിചിന്തനം ചെയ്യപ്പെടുന്നത്.

ഭർതൃഗൃഹത്തിൽ സ്ത്രീകൾ സ്ത്രീധനത്തിന്റെയും മറ്റുംപേരിൽ അനുഭവിക്കുന്ന ദുരിതങ്ങൾക്ക് ഉപശാന്തി എന്ന നിലയിലാണ് ഗാർഹിക പീഡനത്തിനതിരെയുള്ള നിയമം നടപ്പിലാക്കിയത്. *അമ്മായിയമ്മ-നാത്തൂൻ പോര്* എന്നതിലുപരി *ഗാർഹിക പീഡനം* എന്നത് ഇന്ത്യയിലെ ക്രൂരമായ ഒരു യാഥാർത്ഥ്യമാണ്. പക്ഷേ ഈ നിയമത്തിനു കീഴിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ മുക്കാൽപങ്കും വ്യാജമാണന്ന് ഇന്നു സർക്കാർപോലും തിരിച്ചറിഞ്ഞുകഴിഞ്ഞു. മറുവശത്ത് ഭർതൃബന്ധുക്കൾക്ക് ചായയിൽ മൂത്രമൊഴിച്ചുകൊടുക്കുന്ന മഹിളാമണികളും ഉണ്ടന്ന് സമീപകാല പത്രവാർത്തകൾ. എന്നാൽ ഇന്നും ഇന്ത്യയിൽ ക്രൂരമായ *ഗാർഹിക പീഡനം* നിർബാധം നടക്കുന്നു. യഥാർത്ഥ കേസുകൾ നിയമത്തിനു മുമ്പിൽ എത്തുന്നുമില്ല. ഈ നിയമപ്രകാരം നീതിന്യായവ്യവസ്ഥയ്ക്കുമുമ്പിൽ എത്തുന്ന കേസുകളിൽ ഭൂരിപക്ഷവും വ്യാജമാണന്നു തെളിയുമ്പോൾ സാധാരണക്കാരനു മുമ്പിൽ അപഹാസ്യമാവുന്നത് നിയമമാണ്.

സമാനസ്വഭാവമുള്ള ഇതര നിയമങ്ങളുടേയും സ്ഥിതി വ്യത്യസ്ഥമല്ല. സമീപകാലത്തെ ഒരുകൂട്ടം പത്രവാർത്തകൾ മാത്രം ഉദാഹരണമായെടുക്കാം. കേരളത്തിലെ ഒരു നഗരത്തിൽ സന്ധ്യയ്ക്കുശേഷം ഒരു ലോട്ടറി വില്പനക്കാരിയെ മൂന്നുപേർ ചേർന്ന് ഓട്ടോറിക്ഷായിൽ തട്ടിക്കൊണ്ടുപോയി ലൈംഗീകമായി പീഡിപ്പിച്ചെന്നു പരാതി. പ്രതികളുടെ പേരും വിവരണവും പരാതിയിൽ റെഡി. പിറ്റന്നത്തെ പത്രത്തിൽ *പ്രതികളുടെ* ജാതകക്കുറിപ്പും മുജ്ജന്മവുമടക്കം വാർത്ത. എന്നാൽ സംഭവം നടന്നതായി പറയപ്പെടുന്ന സമയത്ത് വാദി മറ്റൊരാളോടൊപ്പം സിനിമാ കാണുകയായിരുന്നുവെന്നും, ഒത്തുതീർപ്പു ചർച്ചനടത്തി ഒരു തുക കൈപ്പറ്റാനുള്ള ശ്രമമായിരുന്നെന്നും രണ്ടുദിവസത്തിനുള്ളിൽ പോലീസ് തെളിവു സഹിതം കണ്ടെത്തി. ഇതിന്റെ അടിസ്ഥാനത്തിൽ പോലീസ് കേസ് എഴുതിത്തള്ളാനുള്ള നടപടികളിലാണ് എന്ന രീതിയിൽ മാദ്ധ്യമങ്ങൾ വാർത്താപരമ്പര അവസാനിപ്പിച്ചു.

സ്ത്രീപീഡനക്കേസുകൾ വ്യാജമെന്നു തെളിഞ്ഞാൽ വെറുതെ എഴുതിത്തള്ളാൻ പാടില്ലന്നും വ്യാജ പരാതിക്കാരിക്കെതിരായി കേസെടുക്കണമെന്നുമുള്ള ഡൽഹി ഹൈക്കോടതിയുടെ സമീപകാല വിധി അവിടെ നിൽക്കട്ടെ. നിയമത്തെ ദുരുപയോഗം ചെയ്ത ഈ കേസിലെ ആരോപിത പ്രതികൾക്കുണ്ടായ മാനനഷ്ടവും മാനസിക പീഡനവും ആര് ഉദ്ധരിക്കും? “കേൾപ്പോരും കേഴ്‌വിയുമില്ലാത്ത” വെറും സാധാരണക്കാരായിരുന്നു ഈ കേസിലെ പ്രതികൾ എങ്കിലും തലമുറകളേപ്പോലും ഗ്രസിക്കുന്ന കൂടുതൽ മാനനഷ്ടത്തിൽ നിന്നും ദൈവഗത്യാ ഇവർ രക്ഷപ്പെട്ടു. പക്ഷേ ഇവർ പ്രമുഖരായിരുന്നെങ്കിലോ? രാഷ്ട്രീയ ലക്ഷ്യങ്ങളോടെ കെട്ടിച്ചമയ്ക്കുന്ന ഇത്തരം ആരോപണങ്ങളിൽ കുടുങ്ങുന്ന നിരപരാധികളുടെ കുടുംബത്തിന്റെ നഷ്ടം ആര് നികത്തും? ധന-രാഷ്ട്രീയ ലാഭങ്ങൾക്കായി ഇത്തരം നിയമങ്ങൾ പരക്കെ ദുരുപയോഗം ചെയ്യുമ്പോൾ സാധാരണക്കാരന്റെ മനസിൽ പരിക്കുപറ്റുന്നത് ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ വിശ്വാസ്യതയ്ക്കാണ്.

ഈ ലേഖകന്റെ ഒരു സുഹൃത്ത് ദൃക്സാക്ഷിയായ ഒരു സമീപകാല സംഭവവും ഇവിടെ പരാമർശിക്കട്ടെ. നിമിഷങ്ങൾകൊണ്ടു പൂർത്തിയാകേണ്ട നിസാരമായ ഒരു കാര്യസാദ്ധ്യത്തിനായി ഒരു സർക്കാരാഫീസിൽ ദിവസങ്ങളോളം കയറിയിറങ്ങേണ്ടിവന്ന ഒരു മുതിർന്ന പൗരൻ അവസാനം സ്വൽപ്പം ശബ്ദമുയർത്തി സംസാരിച്ചു. ഉടനെ പ്രസ്താവിത ഗുമസ്ത, തന്നെ മുതിർന്ന പൗരൻ *ജാതിപ്പേര്* വിളിച്ച് ആക്ഷേപിച്ചു എന്ന ഗുരുതരമായ ആരോപണം പരസ്യമായി ഉന്നയിച്ചു. ജാമ്യം കിട്ടാത്ത വകുപ്പാണ്. ആ നാട്ടുകാരൻ പോലുമല്ലാത്ത മുതിർന്ന പൗരന് ജാതി പോയിട്ട് ആ ഓഫീസിലുള്ളവരുടെ പേരുപോലും അറിയില്ല. രംഗം വഷളാകുന്ന നിലയിലെത്തിയപ്പോൾ അതേ ഓഫീസിലെ മറ്റൊരു ജീവനക്കാരൻ മുതിർന്ന പൗരനോട് എത്രയും പെട്ടന്നു സ്ഥലംവിട്ടുകൊള്ളാനും, ഇത് അവരുടെ സ്ഥിരം അടവാണന്നും, നിത്യവും പതിനൊന്നുമണിക്കുശേഷം മാത്രം ഓഫീസിലെത്തുന്ന ഇവരുടെ നടപടി ചോദ്യം ചെയ്ത മേലുദ്യോഗസ്ഥനേയും ഇതേ നമ്പറുപയോഗിച്ച് നിശബ്ദനാക്കിയെന്നും, തങ്ങളും പേടിച്ചാണു

കഴിയുന്നതെന്നും പറഞ്ഞ് അദ്ദേഹത്തെ അവിടെനിന്നും ഒഴിവാക്കി. യാതൊരു പരിചയവുമില്ലങ്കിലും ഈ സംഭവപരമ്പരയ്ക്ക് സാക്ഷിയായ ഈ ലേഖകന്റെ സുഹൃത്തും അദ്ദേഹത്തെ പറഞ്ഞുവിടാൻ മുൻകൈ യ്യെടുത്തു. കാരണം കേവലം ഒരു പരാതിയുടെ അടിസ്ഥാനത്തിൽ നിരപരാധിയായ ആ മുതിർന്ന പൗരൻ അകത്താകും! ഇവിടെയും പരിക്കുപറ്റിയത് ഇന്ത്യൻ നീതിന്യായവ്യവസ്ഥയ്ക്ക്.

നിയമപരിജ്ഞാനമില്ലാത്തതിനാലാകണം ഈ ലേഖകന് മനസ്സിലാകാത്ത രണ്ടു വസ്തുതകളുണ്ട്. ഒന്നാമതായി, കേവലം ഒരു പരാതിയുടെ അടിസ്ഥാനത്തിൽ ജാമ്യമില്ലാതെ ജയിലിലാകുന്നവർ തങ്ങൾ നിരപരാധിയാണന്ന തെളിവു ഹാജരാക്കണമെന്ന വിചിത്രമായ നിയമം! കീറക്കടലാസിൽ പരാതി കൊടുക്കുന്നവർക്ക് യാതൊരു തെളിവും ഹാജരാക്കേണ്ട ബാദ്ധ്യത (Burden of proof) ഇല്ല!

രണ്ടാമതായി, പരാതി വ്യക്തമായും തെറ്റെന്ന് തെളിഞ്ഞാലും വ്യാജപരാതി നൽകിയവർക്ക് ഒന്നും നഷ്ടമാകാനില്ല. അവർക്കെതിരെ യാതൊരു നടപടിയുമില്ല. പക്ഷേ അവർമൂലം ജീവിതവും കുടുംബവും തകർന്നവരുടെ നഷ്ടം ആരു നികത്തും? കൊട്ടിഘോഷിക്കപ്പെടുന്ന കേസുകളിലെ ''ഇരകൾക്ക്'' സർക്കാർ ജോലിയും ഇതര ആനുകൂല്യങ്ങളും നൽകുന്നവർ തെറ്റായ സന്ദേശമല്ലേ സമൂഹത്തിനു നൽകുന്നത്?

ഏതാനും വർഷംമുമ്പ് പഠനസമയത്ത് റ്റി.വി. കാണുന്നത് വിലക്കിയ സ്വന്തം പിതാവിനെതിരെ മുംബൈയിൽ ഒരു മലയാളി പെൺകുട്ടി ലൈംഗീകപീഡനപരാതി നൽകി. നിയമമനുസരിച്ച് പിതാവ് ഉടൻ അറസ്റ്റിലുമായി. പോലീസിനും കോടതിയ്ക്കും കേസ് വ്യാജമെന്നു ബോദ്ധ്യപ്പെട്ടിട്ടും നടപടികൾ പൂർത്തിയാക്കി അയാൾ പുറത്തുവരാൻ ദിവസങ്ങളെടുത്തു. ഇത്തരം എത്ര സംഭവങ്ങൾ! ഇവിടെ ആരാണ് ''ഇരകൾ''?

സദുദ്ദേശത്തോടെ രൂപപ്പെടുത്തിയ ഇത്തരം നിയമങ്ങളെ അപഹാസ്യമാക്കുന്നതിൽ ക്രിയാത്മക പങ്കുവഹിക്കുന്ന രണ്ടു ഘടകങ്ങൾ കൂടിയുണ്ട്. ഒന്നാമതായി, ധാർമ്മിക മൂല്യങ്ങൾ നഷ്ടമായ കേരളത്തിലെ മാദ്ധ്യമങ്ങൾ. ഇക്കിളി വാർത്തകൾ ആഘോഷിക്കുന്നവർ. ഇരകൾ വേട്ടക്കാരായി മാറുമ്പോൾ നിശബ്ദത പാലിക്കുകയും യഥാർത്ഥ ഇരകളുടെ ഗദ്ഗദങ്ങളുടെ നേരെ ബധിരരാകുകയും ചെയ്യന്ന ഇവർ സാമൂഹ്യ നീതിക്കു കടുത്ത വെല്ലുവിളിയാണ് ഉയർത്തുന്നത് എന്നതിന് എതിരഭിപ്രായമുണ്ടോ?

രണ്ടാമതായി, ഇത്തരം പരാതികൾ അന്വേഷിച്ച് നീതിയുക്തമായ നടപടികളെടുക്കേണ്ട നിയമപാലകരിൽ ചിലർ മാദ്ധ്യമശ്രദ്ധ നേടാനും സ്വന്തം പുകഴ്ചയ്ക്കും യജമാനപ്രീതിക്കുമായി വ്യാജപരാതികൾപോലും പൊലിപ്പിച്ച് മഹാസംഭവമാക്കി മാറ്റുന്നു. അതിനായി വെറും വ്യഭിചാരക്കേസുകളെ പീഡനങ്ങളാക്കുമ്പോൾ തകരുന്നത് അനേക കുടുംബങ്ങൾ. നിരപരാധിയെന്നു തെളിഞ്ഞിട്ടും, കെട്ടിച്ചമച്ച ഇത്തരം കേസുകൾമൂലം നഷ്ടപ്പെട്ട ജീവിതം തിരിച്ചുപിടിക്കാനാവില്ലെങ്കിലും, തലമുറകൾക്കു അപമാനഭാരം പകർന്നുകൊടുത്ത ഇത്തരം കാപാലികർക്കെതിരെ ദശാബ്ദങ്ങളായി നിയമയുദ്ധം നടത്തുന്ന അപൂർവം ചിലരേയുള്ളു. അതിനാകാതെ വിധിയെ പഴിച്ച് ശിഷ്ടജീവിതം തള്ളിനീക്കുന്നവരും ജീവിതംതന്നെ അവസാനിപ്പിച്ചവരും അനേകം. അവരുടെ കുടുംബങ്ങളുടെ ചുട്ടുപൊള്ളുന്ന നെടുവീർപ്പുകൾ ചോദ്യചിഹ്നങ്ങളാകുന്നത് ഇന്ത്യൻ നീതിന്യായവ്യവസ്ഥയ്ക്കു മുമ്പിലും.

സദുദ്ദേശത്തോടെ രൂപപ്പെടുത്തിയ സാമൂഹ്യസുരക്ഷാനിയമങ്ങളെ ദുരുപയോഗം ചെയ്യുന്ന ''വാദി''കളും നിയമപാലകരും നിർദ്ദയം ശിക്ഷിക്കപ്പെടണം. പ്രതിസ്ഥാനത്തു ചേർക്കപ്പെട്ടു എന്നതിനാൽ കുറ്റം തെളിയുന്നതിനു മുമ്പ് ആരെയെങ്കിലും തേജോവധം ചെയ്യുന്ന മാദ്ധ്യമങ്ങളും സ്വയം നിയന്ത്രിക്കണം. ഇത്തരം കേസുകളിൽ ''വാദി പ്രതിയായാൽ'' പ്രതിയ്ക്കു നൽകിയതിനേക്കാൾ മികച്ച ''കവറേജ്'' പ്രതിയ്ക്കു നൽകണം. അതിനു കൂട്ടുനിൽക്കുന്ന നിയമപാലകരേയും വിടരുത്. അല്ലെങ്കിൽ ഈ മാദ്ധ്യമങ്ങളും ശിക്ഷിക്കപ്പെടണം. എങ്കിൽ മാത്രമേ സാമൂഹ്യസുരക്ഷാനിയമങ്ങൾ ഫലപ്രദവും ക്രിയാത്മകവുമാകു.

സാമൂഹ്യസുരക്ഷാനിയമങ്ങൾ ദുരുപയോഗം ചെയ്യുന്നതിൽ നീതിന്യായ വ്യവസ്ഥയുമായി ബന്ധപ്പെട്ടവരുമുണ്ട് എന്നത് ദുരുപയോഗത്തിന്റെ വ്യാപ്തി വെളിവാക്കുന്നു. താനും കക്ഷിയായ ഒരു ട്രസ്റ്റിന്റെ സ്വത്തു തർക്കവുമായി ബന്ധപ്പെട്ട് എതിർകക്ഷിയിലെ എൺപതുകഴിഞ്ഞ ഒരു വൃദ്ധന്റെ പേരിൽ ലൈംഗീക പീഡനപരാതി നൽകിയത് കേരളത്തിലെ ഒരു അഭിഭാഷകയാണ്.

സാമൂഹ്യനീതി നടപ്പാകണമെങ്കിൽ നിയമം ശക്തമായാൽ മാത്രംപോര. അതു നടപ്പാക്കുന്നതിൽ സുതാര്യതയും വേണം. സുതാര്യമെന്നു ജനത്തിനു ബോദ്ധ്യമാവുകയും വേണം. ജനാധിപത്യത്തിന്റെ തൂണുകളായ നിയമനിർമ്മണ സഭയും, ഭരണനിർവഹണവിഭാഗവും, നീതിന്യായ വ്യവസ്ഥയും മാത്രമല്ല, ജനാധിപത്യത്തിന്റെ കാവൽഭടന്മാരായ മാദ്ധ്യമങ്ങളും ഈ സുതാര്യത പാലിക്കണം. വ്യക്തി താത്പര്യങ്ങൾക്കും താൽക്കാലിക ലാഭങ്ങൾക്കുമായി നിയമത്തെ ദുരുപയോഗം ചെയ്യുമ്പോൾ തകർക്കുന്നത് സാമൂഹ്യ നീതിയെ മാത്രമല്ല, ജനാധിപത്യത്തിന്റെ അടിവേരിനെക്കൂടെയാണ്.

(*സാമൂഹ്യനീതി* - ഏപ്രിൽ 2015)